# ജാപ്പനീസ്-മലയാളം നിഘണ്ടു മന്ത്രി എ.കെ.ബാലൻ  പ്രകാശനം ചെയ്തു



കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും ടോക്കിയോ സർവകലാശാലയുടെ ഭാഷകളുടെയും സംസ്കാരങ്ങളുടെയും അന്താരാഷ്ട്ര ഗവേഷണ പഠനകേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തില് പ്രസിദ്ധീകരിച്ച ജാപ്പനീസ്-മലയാളം നിഘണ്ടു സാംസ്കാരിക വകുപ്പുമന്ത്രി എ.കെ.ബാലൻ  മസ്കറ്റ് ഹോട്ടൽ സിഫംണി ഹാളിൽ  പ്രകാശനം ചെയ്തു. ജാപ്പനീസ് എംബസിയിലെ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ ഹിതേകി അസാരി നിഘണ്ടു സ്വീകരിച്ചു. സാംസ്കാരിക വകുപ്പ സെക്രട്ടറി റാണി ജോർജ്ജ് ഐ.എ.എസ് അധ്യക്ഷത വഹിച്ചു.

കേരള സർക്കാരിന്റെ ധനസഹായത്തോടെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി സിഡാക്ക് രൂപകൽപ്പനചെയ്ത് തയാറാക്കിയ മലയാള ഭാഷാ വികസനത്തിനുള്ള വിവിധ സോഫ്റ്റ്വെയറുകളും മന്ത്രി പ്രകാശനം ചെയ്തു. ചടങ്ങിൽ ടോക്കിയോ സർവകലാശാലയിലെ ഭാഷാ ശാസ്ത്രവിഭാഗം പ്രൊഫ. മകാതോ മിനിഗഷി, കംപ്യൂട്ടേഷൻ ഭാഷാശാസ്ത്രജ്ഞനായ ജൂന് തകാഷിമ, ഡോ.കെ.പി.പി.നമ്പ്യാർ എന്നിവർ സംസാരിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ.വി.കാർത്തികേയന് നായര് സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ഡോ.ഷിബു ശ്രീധർ നന്ദിയും പറഞ്ഞു.

ഡോ.കെ.പി.പി.നമ്പ്യാർ തയാറാക്കിയ ജാപ്പനീസ് മലയാളം നിഘണ്ടുവില് 53,000 വാക്കുകളുണ്ട്. ജാപ്പനീസ് ഭാഷാ വിദ്യാർഥികള്, ജപ്പാൻ സന്ദർശിക്കാൻആഗ്രഹിക്കുന്ന ടൂറിസ്റ്റുകള്, ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്നവര് എന്നിവർക്ക് നിഘണ്ടു സഹായകമാകും. 1000രൂപ വിലയുള്ള നിഘണ്ടു വിൽപനശാലകളില് ലഭ്യമാണ്.